# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3285    12.12.2014-ലെ മറുപടിയ്ക്ക്**

## തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ | | കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് സംബന്ധിച്ച വികേന്ദ്രീകരണ ആസൂത്രണ സംസ്ഥാനതല ഏകോപന സമിതിയുടെ അവസാന യോഗത്തിന്റെ വിലയിരുത്തലുകൾ വിശദമാക്കാമോ; യോഗതീരുമാനങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും 2014-15 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1512.41 കോടി രൂപയാണ്. ഗ്രാമപഞ്ചായത്തുകൾ 878.92 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് 24.37 ശതമാനമാണ്. മുൻവർഷം ഇതേ കാലയളവിൽ ചെലവിന്റെ ശതമാനം 27.09 ആണ്. ബ്ലോക്ക് പഞ്ചായത്തുകൾ 203 കോടി രൂപയും (33.73%, മുൻവർഷം 38%) ജില്ലാ പഞ്ചായത്തുകൾ 257.95 കോടി രൂപയും (20.44%) ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 133.73 കോടി രൂപയും (23.5%, മുൻവർഷം 24.1%), കോർപ്പറേഷനുകൾ 55.03 കോടി രൂപയും (18%, മുൻവർഷം 17%) ആണ് ചെലവഴിച്ചത്.<br>തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ മിനിറ്റ്സിന്റെ പകർപ്പുകൾ ലഭ്യമാണ്. |
| (ബി) | അർദ്ധവർഷം പിന്നിട്ടപ്പോൾ തന്നാണ്ടിലെ സർക്കാർ പദ്ധതി വിഹിതം എത്ര കോടി ചെലവഴിക്കുകയുണ്ടായി; മൊത്തം വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമാണത്; | (ബി) | 2014-15 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 4700 കോടി രൂപയിൽ താൽക്കാലിക കണക്കുപ്രകാരം സെപ്റ്റംബർ 30 വരെ (അർദ്ധവർഷം പിന്നിട്ടപ്പോൾ) 667.19 കോടി രൂപ (14%) ചെലവഴിച്ചു. |

| | | | |
|---|---|---|---|
| (സി) | 2013-14 വർഷത്തെ തുടർ പദ്ധതികളുടെ എത്ര കോടി രൂപ ഈ വർഷം ചെലവഴിക്കേണ്ടതായിട്ടുണ്ടായിരുന്നു; അതിൽ ഇതിനകം ചെലവഴിച്ചത് എത്ര; | (സി) യും (ഡി) യും | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ജില്ലാ ആസൂത്രണ സമിതികൾ അംഗീകരിച്ച തന്നാണ്ടിലെ പദ്ധതികളെല്ലാം കൂടി എത്ര കോടി രൂപയുടേതാണ്; മുൻവർഷത്തെ തുടർപദ്ധതികൾ എത്ര കോടി രൂപയുടേതാണ്; ഇവയിൽ മൊത്തം എത്ര കോടി രൂപയുടെ പദ്ധതി ഇതിനകം പൂർത്തിയാക്കുകയുണ്ടായി? | | |

സെക്ഷൻ ഓഫീസർ